**KERALA STATE ELECTRICITY BOARD Ltd.**
(Incorporated under the Indian Companies Act, 1956)
(Registered office: Vydyuthi Bhavanam, Pattom, Thiruvananthapuram-695 004)
CIN:U40100KL2011SGC027424, GSTN-32AAECK2277NBZ1
*Office of the Executive Engineer, Electrical Division, Vydhyuthi Bhavanam, Changanacherry, Pin- 686 101*
*Phone: 0481-2420369, FCT: 9496008067*
*E-mail: eecghy69@gmail.com, Website: www.kseb.in*

## ദർഘാസ്/ലേല പരസ്യം

**ദർഘാസ് / ലേലം നമ്പർ : EDC/2024 -25 /01 /Scrap തീയ്യതി 19.06.24**

ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ ഡിവിഷന് കീഴിലുള്ള സെക്ഷൻ ഓഫീസുകളിലെ ദ്രവിച്ചതും ഉപയോഗ ശൂന്യമായതുമായ വൈദ്യുത തൂണുകൾ ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റേഡ് തപാൽ/ സ്പീഡ് പോസ്റ്റ്/കൊറിയർ മുഖേന മുദ്ര വെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. കവറിന് പുറത്ത് ദർഘാസ് നമ്പറും സാധനത്തിന്റെ പേരും വ്യക്തമായി എഴുതിയിരിക്കണം. ദർഘാസ് പ്രമാണങ്ങൾ തപാലിൽ ലഭിക്കുന്നതല്ല. നിരതദ്രവ്യം ഡിമാന്റ് ഡ്രാഫ്റ്റ് ആയി എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ ചങ്ങനാശ്ശേരി എന്ന പേരിൽ എസ് .ബി .ഐ ചങ്ങനാശ്ശേരി ബ്രാഞ്ചിൽ മാറാവുന്നത് കവറിനുള്ളിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.

| സർവ്വേ റിപ്പോർട്ട് നമ്പർ | സാധനത്തിന്റെ പേര് | ഏകദേശ ഭാരം/ എണ്ണം | നിരതദ്രവ്യം (രൂപ) | ദർഘാസ് ഫോറത്തിന്റെ വില (രൂപ) |
|---|---|---|---|---|
| DBC/Survey report /24-25/185 | HT TW പോസ്റ്റ് | 72 | 56,000/- | 200+18% GST |
| | LT TW പോസ്റ്റ് | 263 | | |
| DBC/Survey report /24-25/182 | A പോസ്റ്റ് | 22 | | |
| | R S Joist | 7 | | |
| | RCC പോസ്റ്റ് | 24 | | |
| DBC/Survey report /24-25/184 | Rail പോസ്റ്റ് | 19 | | |
| | Tubular പോസ്റ്റ് | 12 | | |
| DBC/Survey report /24-25/186 | PSC പോസ്റ്റ് | 1075 | | |

ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന തീയ്യതി : 20.06.24 to 26.06.24 5.00 PM

പൂരിപ്പിച്ച ദർഘാസ് ലഭിക്കേണ്ട അവസാന തീയ്യതിയും സമയവും : 28.06.24 , 1.00 PM

ലേലം നടക്കുന്ന സ്ഥലവും, തീയ്യതിയും : ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിൽ
28.06.24, 2.30 PM

പൂരിപ്പിച്ച ദർഘാസ് പ്രമാണങ്ങൾ മുകളിൽ പറഞ്ഞിരിക്കുന്ന തീയ്യതിക്കും, സമയത്തിനുമകം താഴെ പറഞ്ഞിരിക്കു ഓഫീസിൽ ലഭിക്കേണ്ടതാണ്. ദർഘാസുകളെ സംബന്ധിച്ച് കെ.എസ്.ഇ.ബി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള എ നിയമങ്ങളും ഇതിനു ബാധകമാണ്. കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നും നേരിട്ടറിയാവുന്നതാണ്. ( Phone N 9497222105)

ചങ്ങനാശ്ശേരി,
19.06.2024

എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ ഡിവിഷൻ, ചങ്ങനാശ്ശേരി

## കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡ്

## ദർഘാസ് ലേലത്തിനുള്ള നിബന്ധനകൾ

1. ദർഘാസിന്റെ കൂടെ വാഗ്ദാനം ചെയ്ത തുകയുടെ 10% തുക നിരതദ്രവ്യം ഡിമാന്റ് ഡ്രാഫ്റ്റ് ആയി വെക്കേണ്ടതാണ്. പ്രസ്തുത തുക ഡിമാന്റ് ഡ്രാഫ്റ്റ്ആയി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചങ്ങനാശ്ശേരി എന്ന പേരിൽ (എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ ചങ്ങനാശ്ശേരി എന്ന പേരിൽ എസ് .ബി .ഐ ചങ്ങനാശ്ശേരി ബ്രാഞ്ചിൽ മാറാവുന്നത് ) മാത്രമേ സ്വീകരിക്കുകയുള്ളൂ. ഡി.ഡി അടക്കം ചെയ്യാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്.

2. ഒരു ടെണ്ടറിൽ കാണിച്ചിരിക്കുന്ന എല്ലാ ഇനത്തിനും മൊത്തത്തിൽ തുക വാഗ്ദാനം ചെയ്യേണ്ടതാണ്. മൊത്തം ഇനത്തിൽ കൂടുതൽ തുക ക്വാട്ട് ചെയ്യുന്നയാൾക്ക് ലേലം ഉറപ്പിക്കുന്നതായിരിക്കും. എല്ലാ ഐറ്റങ്ങളുടെയും ലേലം കഴിഞ്ഞതിനു ശേഷം മാത്രമേ ടെണ്ടർ തുറക്കുകയുള്ളൂ.

3. പൊതു ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ടെണ്ടർ നോട്ടീസിൽ പറഞ്ഞ സമയത്തിന് മുൻപായി നിരതദ്രവ്യം അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. നിരതദ്രവ്യം ഡി.ഡി ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ.

4. ലേലത്തിൽ വിജയിച്ചയാൾ വിളിച്ച തുകയുടെ 50% തുക ലേലം സ്ഥിരപ്പെടുത്തിയ ഉടനെ അടക്കേണ്ടതാണ്. ബാക്കി തുകയും എല്ലാ നികുതികളും അറിയിപ്പ് കിട്ടി ഏഴു ദിവസത്തിനകം അടക്കേണ്ടതാണ്. ടെണ്ടറിൽ വിജയിച്ചയാൾ ബാക്കി 90% തുകയും നികുതികളും അറിയിപ്പ് കിട്ടി ഏഴു ദിവസത്തിനകം അടക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിരതദ്രവ്യം കണ്ടുകെട്ടുന്നതാണ്.

5. ടെണ്ടർ നോട്ടീസിൽ കാണിച്ചിരിക്കുന്ന സാധനങ്ങൾ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ ലേലത്തിൽ / ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് ഓഫിസ് സമയങ്ങളിൽ വിലയിരുത്താവുന്നതാണ്.

6. ലേലം ഉറപ്പിച്ചതിനു ശേഷം ലേല സാമഗ്രികൾക്ക് സംഭവിക്കാവുന്ന കഷ്ട നഷ്ടങ്ങൾക്ക് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഒരു തരത്തിലും ഉത്തരവാദിയായിരിക്കുന്നതല്ല."

7. GST, IT തുടങ്ങിയ ഗവൺമെന്റിലേക്ക് അടക്കേണ്ട നികുതികൾ ലേഖം / ടെണ്ടർ ഉറപ്പിച്ചയാൾ ക്വാട്ട് ചെയ്ത തുകയ്ക്ക് പുറമെ അടക്കേണ്ടതാണ്.

8. ദർഘാസ് | ലേലം സ്വീകരിക്കാനോ നിരസിക്കാനോ ഉള്ള പൂർണ്ണ അധികാരം ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിക്ഷിപ്തമാണ്. ദർഘാസ് / ലേലം നടപടിക്രമങ്ങളിൽ ഏതെങ്കിലും അവസരത്തിൽ പരാതി വരുന്ന പക്ഷം ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ തീരുമാനം അന്തിമമായിരിക്കും.

9. സെയിൽ റിലീസ് ഓർഡർ നൽകിയതിനു ശേഷം യഥാസമയം സാധനങ്ങൾ നീക്ക ചെയ്തില്ലെങ്കിൽ ഒരാഴ്ചത്തേക്കോ അതിൻറെ ഭാഗത്തിനൊ 1% എന്ന നിരക്കിൽ പിഴ ചുമത്തുന്നതാണ്.

10. ദർഘാസുകളുടെ കൂടെ പാൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നിർ ബന്ധമായും അടക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും പാൻകാർഡിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. ദർഘാസ് / ലേലം ഉറപ്പിച്ചാൽ ഒറിജിനൽ പാൻ കാർഡ് ഓഫീസിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

11. സ്ക്രാപ്പ് വില്പന സംബന്ധിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസ് / ലേലത്തിനും ബാധകമാണ്.

12. അവിചാരിതമായി ലേല ദിവസം അവധി വന്നാൽ ലേലം തൊട്ടടുത്ത പ്രവൃത്തി ദിവസം നടത്തുന്നതാണ്.

തീയതി : 19-6-24

എക്സിക്യൂട്ടീവ് എഞ്ചിനിയർ
ഇലക്ട്രിക്കൽ ഡിവിഷൻ, ചങ്ങനാശ്ശേരി

Signature:

Name of tenderer:

Address: